"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഓൺലൈൻ ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഡി.പി.സി അംഗങ്ങൾക്ക് സിറ്റിംഗ് ഫീസ്, യാത്രാ ബത്ത അനുവദിച്ച ഉത്തരവാകുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.625/2021/LSGD തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 സ.ഉ(സാധാ) നം. 1953/2018/തസ്വഭവ തീയതി 18.07.2018

2 28.10.2020ലെ ആലപ്പുഴ ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറിയുടെ കത്ത് നം. 01/2020/ഡി.പി.ഓ/ഡി.പി.സി/എ.എൽ.പി

3 07.01.2021ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.18 നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി അംഗങ്ങളായ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ വിവിധ ഡി.പി.സി. യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 400/- രൂപ സിറ്റിംഗ് ഫീയും യാത്രബത്തയായി 600/- രൂപയും ചേർത്ത് ആകെ 1000/- (ആയിരം) രൂപ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നല്കിയിരുന്നു.

കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ ജൂലൈ 2020 മുതൽ ആലപ്പുഴ ജില്ലയിലെ ജില്ലാ ആസൂത്രണ സമിതി യോഗങ്ങൾ ഓൺലൈനായാണ് നടന്നു വരുന്നതെന്നും ജില്ലാ ആസൂത്രണ സമിതി ചെയർമാനും സർക്കാർ നോമിനി ഉൾപ്പെടെയുള്ള ഡി.പി.സി. അംഗങ്ങൾ ഓൺലൈനായാണ് ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതെന്നും പ്രസ്തുത സാഹചര്യത്തിൽ യോഗങ്ങളിൽ പങ്കെടുക്കുന്ന ഡി.പി.സി അംഗങ്ങൾക്കും സർക്കാർ നോമിനിക്കും സിറ്റിംഗ് ഫീയും യാത്രാബത്തയും ഉൾപ്പടെ ഒരു യോഗത്തിൽ പങ്കെടുക്കുന്നതിന് 1000/- രൂപ അനുവദിക്കാമോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായാണ് ജില്ലാ ആസൂത്രണസമിതി കൂടുന്നതെങ്കിലും ഓൺലൈൻ യോഗത്തിൽ പങ്കെടുക്കുന്നവർക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും ഉൾപ്പടെ ആകെ 1000/- രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.26 16:56:06 IST
Reason: Approved
സെക്ഷൻ ഓഫീസർ